# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3013 - 18/10/2016 - ലെ മറുപടിക്ക്**

**റബ്ബറിന്റെ താങ്ങുവില**

**ചോദ്യം** | **ഉത്തരം**

**ശ്രീ.കാരാട്ട് റസാഖ്**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | റബ്ബറിന്റെ താങ്ങുവില നിലനിർത്താൻ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച 300 കോടി രൂപയുടെ വില സ്ഥിരതാ ഫണ്ടിന്റെ പ്രയോജനം കേരളത്തിലെ പ്രത്യേകിച്ച് മലബാർ മേഖലയിലെ കർഷകർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള റബ്ബർ കർഷകരിൽ അർഹരായ എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തുടനീളം ഒരുപോലെ ലഭിച്ചു വരുന്നു. |
| (ബി) | കോട്ടയം നഗരങ്ങളിൽ റബ്ബറിനുള്ള മാർക്കറ്റ് വില മലബാർ മേഖലയിലും ലഭിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | കർഷകർക്ക് മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനായി മലബാർ മേഖലയിൽ റബ്ബർ ബോർഡ് റബ്ബർ പ്രൊഡ്യൂസേർസ് സൊസൈറ്റികളുടെ നേതൃത്വത്തിൽ ട്രേഡിംഗ് കമ്പനികൾ ആരംഭിച്ചിട്ടുണ്ട്. ഈ കമ്പനികൾ ടയർ വ്യവസായികൾക്കും മറ്റ് റബ്ബർ ഉപഭോക്താക്കൾക്കും കർഷകരിൽ നിന്ന് നേരിട്ട് ശേഖരിച്ച് റബ്ബർ വിൽക്കുന്നത് വഴി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി മെച്ചപ്പെട്ട വില നേടിയെടുക്കാൻ സഹായിക്കുന്നു. |
| (സി) | റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വില മുഴുവനായും കർഷകർക്ക് ലഭിക്കാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | റബ്ബർ ബോർഡ് റബ്ബറിന്റെ വില നിശ്ചയിക്കുന്നില്ല. മറിച്ച്, കോട്ടയം, കൊച്ചി റബ്ബർ മാർക്കറ്റുകളിലെ ദൈനംദിന വിലകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഇത് റബ്ബർ വിപണിയെപ്പറ്റി കർഷകർക്കും വ്യാപാരികൾക്കും ഒരു പൊതു അവബോധം ഉണ്ടാക്കുന്നതിന് സഹായിക്കുന്നു. കർഷകർ ഈ വിലകളുടെ അടിസ്ഥാനത്തിൽ അവരുടെ വിലപേശൽ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട വില നേടിയെടുക്കുകയും ചെയ്യുന്നു. |

*അക്കൗണ്ട്സ് ഓഫീസർ*